**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3189 20.6.2014-ൽ മറുപടിയ്ക്ക്**

# കൊട്ടിയത്തെ കോഴിത്തീറ്റ ഫാക്ടറിയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കൊല്ലം ജില്ലയിലെ കൊട്ടിയത്ത് സ്ഥാപിച്ചിട്ടുള്ള കോഴിത്തീറ്റ ഫാക്ടറിയുടെ പ്രതിദിന ഉല്പാദനക്ഷമത എത്രയാണെന്ന് അറിയിക്കുമോ; | എ) പ്രതിദിന ഉല്പാദനക്ഷമത 8 മെട്രിക് ടൺ |
| ബി) ഈ സ്ഥാപനത്തിൽ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റയുടെ അളവ് അറിയിക്കുമോ;പരമാവധി ഉൽപാദനം നടത്തുവാൻ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | ബി) ഈ സ്ഥാപനത്തിൽ കാലിത്തീറ്റ ഉല്പാദിപ്പിക്കുന്നില്ല. കോഴിത്തീറ്റയാണ് ഉല്പാദിപ്പിക്കുന്നത്. പ്ളാന്റിന്റെ ഉല്പാദനക്ഷമതയ്ക്കനുസൃതമായി പ്രതിമാസം 240-300 മെട്രിക് ടൺ കോഴിത്തീറ്റയാണ് ഉല്പാദിപ്പിക്കുന്നത്. |
| സി) പ്രസ്തുത സ്ഥാപനത്തിൽ ഇപ്പോൾ എത്ര ജീവനക്കാരാണ് ജോലി നോക്കുന്നത്;ഇവരിൽ സ്ഥിര ജോലിയുള്ളവരും, താത്കാലിക ജോലിയുള്ളവരും എത്ര പേർ ഉണ്ടെന്ന് വ്യക്തമാക്കുമോ ; | സി) പ്രസ്തുത സ്ഥാപനത്തിൽ 10 ജീവനക്കാർ ജോലി ചെയ്യുന്നു . എല്ലാവരും ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണ്. |
| ഡി) ഈ സ്ഥാപനം ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നത്, ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ; | ഡി) ഈ സ്ഥാപനത്തിലെ തീറ്റ ഉല്പാദനം ലാഭകരമായിട്ടാണ് നടക്കുന്നത്. |
| ഇ) കാലിത്തീറ്റ ഫാക്ടറി നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുവോ;വിശദാംശം അറിയിക്കുമോ? | ഇ) സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിൽ കാലിത്തീറ്റ ഫാക്ടറി പ്രവർത്തിക്കുന്നില്ല. കോഴിത്തീറ്റ ഫാക്ടറികളാണ് നിലവിലുള്ളത്. അത്യാധുനിക സജ്ജീകരണങ്ങളോടു കൂടിയ പൂർണ്ണമായും ഓട്ടോമാറ്റിക്ക് ആയി പ്രവർത്തിക്കുന്ന ഒരു ഹൈടെക് ഫീഡ് മിക്സിംഗ് പ്ളാന്റ് |

തൃശ്ശൂർ ജില്ലയിലെ മാളയിൽ ഈ കോർപ്പറേഷന്റെ കീഴിൽ പണി പൂർത്തിയായി വരുന്നു. ഈ സാഹചര്യത്തിൽ കൊട്ടിയത്ത് പ്രവർത്തിക്കുന്ന കോഴിത്തീറ്റ നിർമ്മാണ ഫാക്ടറി നവീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

Sheela

സെക്ഷൻ ഓഫീസർ